# തിരിനാളം



**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ:**

ഷസ ഷരീഫ (വിദ്യാർത്ഥിനി)

സഹ് വ ഫാത്തിമ (വിദ്യാർത്ഥിനി)

ആമിനത്ത് റിസ എം(വിദ്യാർത്ഥിനി)

മിൻഹ ഫാത്തിമ കെ പി(വിദ്യാർത്ഥിനി)

മിൻഹ ഫാത്തിമ കെ(വിദ്യാർത്ഥിനി)

ഹാജറ ബീബി എം കെ(വിദ്യാർത്ഥിനി)

ഫാത്തിമത്തുസുഹാദ എം(വിദ്യാർത്ഥിനി)

രമേശൻ യു പി(കൈറ്റ് മാസ്റ്റർ)

സ്മിതാറാണി എം(കൈറ്റ് മിസ്ട്രസ്)



# കാഴ്ച്ചകൾ

## നിപുണ്യ.കെ.വി

ഒരു സന്ധ്യാസമയം ,ഞാൻ കടൽതീരത്തുടെ
നടക്കുകയായിരുന്നു, ആകാശത്തിൽ
നിറയെ പരുന്തുകൾ
വട്ടമിട്ടു പറക്കുന്നു .
കടൽ കാറ്റ് മൃദുലമായി എന്നെ തലോടി
തിരമാലകൾ ആരുടെയോ ഗർജനം
പോലെ
അലറിക്കൊണ്ട് പാഞ്ഞടുക്കുന്നു .



അസ്തമയത്തെ സൂര്യന്റെ പ്രതിബിംബം
മാണിക്യം പോലെ
കടൽ വെള്ളത്തിൽ തിളങ്ങി കാണപ്പെട്ടു
പ്രകൃതി നമുക്കായി ഒരുക്കിവച്ച പല മനോഹരമായ
അവിസ്മരണീയ കാഴ്ച്ചകൾ .

# ആമയുടെ കഥ



**ഡോ. ടി.കെ.അനിൽകുമാർ**

വയൽക്കരയിലായിരുന്ന പാനൂരിലെ വീട്. മഴക്കാലമെത്തുമ്പോൾ പേരറിയുന്നതും അറിയാത്തതുമായ വയൽ ജീവികളുടെ ആഘോഷശബ്ദങ്ങൾ കാതിലേക്ക് കുതിച്ചെത്തും. കുത്തിയൊലിച്ചുവരുന്ന മഴവെള്ളത്തിൽ മീനുകളുടെ നീണ്ട ജാഥയുണ്ടാവും. വലയും കുത്തുപിടിയുമായി അമ്മാവൻ മീൻ വേട്ട തുടങ്ങും. അപ്പോൾ വായനക്കാലത്തിൽ നിന്ന് വയൽക്കര വിളിക്കാൻ തുടങ്ങും. ബാലരമയും പൂമ്പാറ്റയും വായിച്ചു കഴിഞ്ഞാൽ പിന്നെ കാര്യമായ പണി ചൂണ്ടയിടലായിരുന്നു.
ഒരിക്കൽ എന്റെ ചൂണ്ടയിൽ കുരുങ്ങിയത് ഒരു ആമയായിരുന്നു. ഞാൻ ആഹ്ലാദത്തിന്റെ മറുകരയിലെത്തി. എന്റെയുള്ളിലെ ക്രൗര്യത കെട്ടുപൊട്ടിച്ച് പുറത്തേക്ക് വന്നു.ആമയെ ഉയർത്തിക്കാട്ടി എന്റെ സന്തോഷം പ്രകടിപ്പിച്ചു. വരമ്പിലൂടെ, പുൽമൈതാനത്തിലൂടെ, ചരൽ നിറഞ്ഞ വഴികളിലൂടെ ഞാനതിനെയും വലിച്ചിഴച്ച് നടന്നു.
എന്റെയുള്ളിലെ കുട്ടിയുടെ ആഹ്ലാദത്തിന്റെ ഉറസുകളുടെ പിടിവിട്ടു. എത്രയോ നേരം കാത്തിരുന്ന് ചൂണ്ടയിൽ കിട്ടിയ സമ്മാനമാണ്. ആമയെ വലിച്ചു കൊണ്ടു നടക്കവേ എന്റെ കൂട്ടുകാരൻ മുഹമ്മദ് എന്ന മാമു അടുത്തേക്ക് വന്നു. സമപ്രായക്കാരനാണ്. എന്നാൽ പ്രായത്തിൽ കവിഞ്ഞ പക്വതയുണ്ട്.
"നീയെന്താടാ ചെയ്യുന്നത്?"
ഞാൻ സന്തോഷത്തോടെ ചൂണ്ടയുടെ നങ്കീസ് ഉയർത്തിക്കാണിച്ചു. ആമയുടെ തല നീണ്ടു വന്നു. വേദനയുടെ ഭാരം താങ്ങാനാവാതെ അതെന്നെ നോക്കി പിടഞ്ഞു.



പക്ഷേ ഞാനത് അവഗണിച്ചു.
അവൻ എന്നെയും ആമയേയും നോക്കി. എന്നിട്ട് മന്ത്രിച്ചു.
"എടാ നീ ബാലരമയും പൂമ്പാറ്റയും വായിച്ചിട്ടില്ലേ..."
ഞാൻ സംശയത്തോടെ അവനെ നോക്കി.
ഞാനും അവനും മത്സരിച്ച് വായിക്കുന്ന കഥാ പുസ്തകങ്ങൾ...
" അതിലെ ആമയേം മുയലിനേം ഓർമ്മയില്ലേ..."
ഞാൻ നിശബ്ദനായി. ആമയും മുയലും പന്തയം വെച്ച കഥ മുതൽ ബാലമാസികകളിലെ നൂറ് കണക്കിന് ജീവജാലങ്ങളുടെ കഥകൾ എന്റെ മനസ്സിലൂടെ കടന്നുപോയി. കുരങ്ങും മാനും മുയലും ഉൾപ്പെടെയുള്ള ഓരോ ജീവിയും കൺമുമ്പിൽ കടന്നുവന്ന് സംസാരിക്കാൻ തുടങ്ങി. ചൂണ്ടക്കൊളുത്തിൽ നിന്ന് കുതറി മാറാൻ ശ്രമിക്കുന്ന ആമ ... ആമയുടെ കണ്ണുകളിലേക്ക് ആദ്യമായി ഞാൻ നോക്കി. കണ്ണീരിന്റെ കടൽ കണ്ടു... രോഷത്തിന്റെ തീനാളങ്ങൾ കണ്ടു... അതെന്നോട് മന്ത്രിക്കുകയാണ്.
"എടാ മഹാപാപീ... എന്നെ വെറുതെ വിട്.. ഇത്ര ക്രൂരമായി ഉപദ്രവിക്കാൻ ഞാനെന്ത് തെറ്റ് ചെയ്തെടാ... "
എന്നിൽ സങ്കടം ഇരച്ചു വന്നു. കുറ്റബോധത്തിന്റെ ആഴം എന്നെ പൊള്ളിച്ചു. ആമ കരയുകയാണ്.. ഞാനും.
ആമയുടെയും മുയലിന്റെയും കഥ ഓർമ്മിപ്പിച്ചവനെ പിന്നീട് അവിടെയൊന്നും കണ്ടില്ല... അവൻ വഴിതെറ്റിപ്പോയവന്റെ വഴികാട്ടിയാവാൻ ശ്രമിച്ചതായിരുന്നോ? എനിക്കറിയില്ല. എന്തായാലും പിന്നെയും പിന്നെയും ആമയുടെ കണ്ണുനീർ എന്നെ പൊള്ളിച്ചിട്ടുണ്ട്. ഓരോ ജീവിയിലും സങ്കടത്തിന്റെയും സ്നേഹത്തിന്റെയും കടലുണ്ടെന്ന് എന്നെ പഠിപ്പിച്ച മഹാഗുരുവായി മാമു മാറി. ജീവിതത്തിന്റെ പാച്ചലിൽ അവൻ ഗൾഫിലേക്ക് ജോലി തേടി പോയി. ഞങ്ങളുടെ പ്രദേശം ഒരു ഗൾഫ്മേഖലയായിരുന്നു. വിദേശത്തേക്ക് പോയിട്ട് അത്യാവശ്യം സാമ്പത്തിക സൗകര്യങ്ങളുമായാണ് ആളുകൾ തിരിച്ചു വരാറുള്ളത്. പക്ഷേ മാമു ഒരിക്കലും വലിയ പണക്കാരനായി മാറിയില്ല. ഓരോ വരവിനും എന്നെ കളിയാക്കും. "നിന്റെയൊക്കെ കൂടെ കൂടിയിട്ട് ഞാനും ഇങ്ങനെയായി. തട്ടിപ്പും വെട്ടിപ്പും പഠിച്ചില്ല. സാമ്പത്തികമായിട്ട് രക്ഷപ്പെടാനും പറ്റിയില്ല. ജീവിതത്തിൽ പറ്റിയ അബദ്ധങ്ങൾ... " എല്ലാവർക്കും വേണ്ടിയുള്ള ഒരു മിടിപ്പ് അവൻ എല്ലാ കാലത്തും കരുതിവെച്ചു.

എന്റെ പ്രാഥമികവിദ്യാലയവും അനുഭവങ്ങളുടെ വലിയ ലോകമായിരുന്നു.തെത് സുകോ കുറായാനോഗിയുടെ ടോട്ടോച്ചാൻ എന്ന പുസ്തകത്തിലെ റ്റോമോ വിദ്യാലയമായിരുന്ന പെരിങ്ങളം നോർത്ത് എൽ.പി.സ്കൂൾ. ഞങ്ങൾക്കത് കവുങ്ങും തോട്ടത്തിൽ സ്കൂളായിരുന്നു. അക്ഷരാർത്ഥത്തിൽ കവുങ്ങുകളുടെ തോട്ടമായിരുന്നു ഞങ്ങളുടെ റ്റോമോ. അവിടെ ദേവി ടീച്ചറും കരുണൻ മാഷും ബാലൻ മാഷും മധുമാഷും ഒക്കെ ചേർന്ന കൊബായാഷി മാസ്റ്റർമാർ. ഞങ്ങൾക്കവിടം ഉത്സവപറമ്പായിരുന്നു. ശനിയാഴ്ചകളിൽ പഞ്ചതന്ത്രം കഥ വായിച്ചു തന്ന കരുണൻ മാഷ് ഞങ്ങളെ ജീവിതം പഠിപ്പിച്ചു.

സ്കൂളിലേക്ക് പോകുമ്പോൾ വീട്ടുകാരൊക്കെ എപ്പോഴും ഓർമ്മിപ്പിക്കും." ശ്രദ്ധിച്ച് പോണേ..." ഏട്ടനും

അനിയത്തിക്കും കിട്ടാത്ത ഒരു കരുതൽ എനിക്കെപ്പോഴുമുണ്ടായിരുന്നു.  ശ്രദ്ധയില്ലാത്ത കുട്ടിയായിരുന്നു ഞാൻ... ചിന്തകൾ, ആലോചനകൾ, സ്വപ്നങ്ങൾ ... ഇവയൊന്നും പിടികിട്ടാതെ പറന്നു പോവാറുള്ള കുട്ടി... വീടിനു തൊട്ടടുത്തുള്ള സദാനന്ദേട്ടന്റെ കടയിലേക്ക് സാധനങ്ങൾ വാങ്ങിക്കാനായി വല്ലപ്പോഴുമേ എന്നെ അയക്കാറുണ്ടായിരുന്നുള്ളൂ.ഏട്ടനും അനിയത്തിയും പ്രായോഗിക ബുദ്ധിയുള്ളവരായിരുന്നു. അവരില്ലാത്ത സമയങ്ങളിൽ മാത്രമേ എന്നെ കടയിലേക്ക് പറഞ്ഞയക്കാറുള്ളൂ. പോകാനിറങ്ങുമ്പോൾ തന്നെ പറയും.

" ഇവൻ എന്തെങ്കിലും ഒപ്പിച്ചിട്ടേ വരൂ.. സാധനവും ബാക്കി പൈസയും കൃത്യമായി വാങ്ങിയിട്ട് വരില്ല. ഇവനെക്കൊണ്ട് ഒന്നും പറ്റൂല്ലെന്ന് ഉറപ്പാണ്."

അന്നും ഇന്നും ഏറ്റവും സ്നേഹവും കരുതലും ഉള്ളവരായിരുന്ന ഞങ്ങളുടെ കൂട്ടുകുടുംബത്തിലെ ആളുകളൊക്കെയും. എന്നാൽ സ്വപ്നാടകനായ ഞാൻ അബദ്ധം കാണിക്കുമെന്ന് അവർക്കറിയാമായിരുന്നു. മുൻവിധിപോലെ എല്ലാവരും അത് ഓർമ്മിപ്പിച്ചു വന്നു. നീ കൊള്ളില്ലെന്നും, നിന്നെക്കൊണ്ട് പറ്റില്ലെന്നും ഉള്ള നെഗറ്റീവ് സ്ട്രോക്ക് ഓരോരുത്തരിലും പ്രിയപ്പെട്ടവർ ഉറപ്പിച്ചു തരുന്നതാണെന്ന് മനസ്സിലാക്കിയത് വർഷങ്ങൾക്ക് ശേഷമാണ്. കടയിൽ നിന്ന് സാധനം വാങ്ങിച്ച് തിരിച്ചു വരുമ്പോൾ അവരുടെ വാക്കുകൾ ശരിയാണെന്നുറപ്പിക്കും. എല്ലായ്പ്പോഴും അബദ്ധങ്ങൾ കൈ നീട്ടി സ്വീകരിച്ചു കഴിഞ്ഞിരിക്കും. എല്ലാ സാധനങ്ങളും വാങ്ങിക്കാതെ വരിക, വാങ്ങിച്ച സാധനങ്ങൾ മറന്നു പോവുക, ബാക്കി പൈസ വാങ്ങിക്കാതെ വരിക ഇതൊക്കെ ഒരു സാധാരണ കാര്യമായിരുന്നു. തിരിച്ചു വന്നാൽ വീണ്ടും സ്ട്രോക്കുകൾ കിട്ടും.

" ഇവനെ പീടികയിലേക്ക് പറഞ്ഞയക്കുമ്പോഴേ അറിയാമായിരുന്നു എന്തെങ്കിലുമൊക്കെ സംഭവിക്കുമെന്ന്. "

ജീവിതത്തിലുടനീളം ഇത് കേൾക്കാനുള്ള സാധ്യതകൾ ഞാനുണ്ടാക്കിക്കൊണ്ടിരുന്നു. ഈയിടെ കണ്ണൂർ കോഫി ഹൗസിൽ നിന്ന് രാത്രി ഭാര്യയും മകളുമൊത്ത് ഭക്ഷണം കഴിച്ചിട്ട് പണം കൊടുക്കാതെ ഇറങ്ങി വന്നു. പാതിരാക്ക് വീട്ടിലെത്തിയപ്പോഴാണ് ഓർമ്മ വന്നത്. പിറ്റേന്ന് പണം എത്തിച്ചു കൊടുക്കുന്നത് വരെയുള്ള നീറ്റൽ ഭീകരമായിരുന്നു. നിങ്ങൾക്ക് ലഭിച്ച പോസിറ്റീവ് സ്ട്രോക്കുകളാണ് നിങ്ങൾ... നിങ്ങൾക്ക് ലഭിച്ച നെഗറ്റീവ് സ്ട്രോക്കുകളാണ് നിങ്ങൾ ; ഞാനും..

നമ്മുടെ കുഞ്ഞുങ്ങൾക്ക് പോസിറ്റീവ് സ്ട്രോക്കുകൾ കൊടുക്കുക. നിന്നെക്കൊണ്ട് പറ്റുമെന്ന് അവരോട്

# അശനിപാതം



## റഷീദ് കെ കെ

കവിവാക്യം എത്ര അർത്ഥഗർഭം!!
ഓർക്കാപ്പുറത്താണതുണ്ടാവുക.
മഴന്നൂലിൽ കയറി സാകൂതം മഴവില്ലിൽ പിടിക്കാൻ കൈയ്യകലത്തിൽ എത്തുമ്പോഴായൊരിക്കും ഒരുവേള.
ചിലപ്പോ,രസച്ചരടിൽ മുത്തുകൾ ഒന്നിന് പിറകെ ഒന്നായി അഴകിൽ കോർത്തുതീരുന്ന സുന്ദര മുഹൂർത്തത്തിൽ.
അതുമല്ലെങ്കിലോ, ഏതോ മധുര സംഗീതത്തിന്റെ ഇതുവരെ കേൾക്കാത്ത ഈണത്തിൽ നർത്തന
കലവിയിലാടുമ്പോഴായിരിക്കും......അത്.
അശനിപാതം..

# കടലമ്മ

റുമാന ഫാത്തിമ .പി



എന്റെ മനസുപോലെ
സന്ധ്യയും മയങ്ങിയിരുന്നു.
എന്റെ ചിന്തപോലെ
കടൽത്തീരവും കനത്തിരുന്നു.
ആഹ്ലാദത്തിന്റെ തിരമാലകൾ
എന്നെ തഴുകിയോ?
സമാധാനത്തിന്റെ സന്ദേശം അവരേകിയോ.
ഓരോ തിരമാലകളും എന്നേ തേടി വരുന്നതുപോലെ.
തിരമാലകൾ സന്തോഷത്തോടെയാണോ
തുള്ളിച്ചാടുന്നത്?
അതോ സങ്കടത്തിൽ വിങ്ങിപ്പൊട്ടുകയോ....?
ഓരോ മനുഷ്യരുടെയും ജീവിതം പോലയാണോ
കടലമ്മയും ?
അതോ തന്റെ മക്കളെ തേടിവരുന്നതോ?
എന്റെ ഓരോ ചിന്തകളും അവസാനിക്കാറാകുന്നു.
എല്ലാ ജീവജാലങ്ങളും സങ്കടവും
സന്തോഷവും പങ്കു വയ്ക്കുന്ന
കടൽത്തീരത്ത് കടലമ്മയെ ആസ്വദിച്ച്
സന്തോഷിക്കുമ്പോൾ.
തിരിച്ചു വരാൻ തോന്നാത്ത കാഴ്ചകൾ......

# അവൾ




SANJANA.P

സഞ്ജന.പി

എന്റെ കൂടെ പിറന്നവൾ.
എനിക്കായ് ജീവിക്കുന്നവൾ.
ആരുമില്ലാത്ത എനിക്ക്
തുണയായ് വന്നവൾ. എന്റെ
ജീവിതവസാനം വരെയും കൂടെ
ഉണ്ടാകുമവൾ .കയ്പ്പു നിറഞ്ഞ
ജീവിത യാത്ര മധുരമുള്ളതാക്കി
മാറ്റിയവൾ. ആരോടും കോപിക്കാതെ
ആരോടും സംസാരിക്കാതെ എന്റേതു
മാത്രമായി തീർന്നവൾ. എന്റെ
കൂടെ ഉറങ്ങുന്നവൾ.
ഇരുട്ടിന്റെ വിരലുകൾ അവളെ
സ്പർശിക്കുമ്പോൾ എന്നെ
തനിച്ചാക്കുന്നവൾ. എന്നാലും
അവൾ എന്റേതാണ്, എന്റേതു മാത്രം.
അതെ അവൾ എന്റെ നിഴൽ.



# പൂക്കാലം



ഫാത്തിമത്തുസുഹാദ എം

പൂക്കാലം വന്നല്ലോ.
പൂവുകളയി നിറഞ്ഞല്ലോ.
ശലഭക്കാട്ടുകൾ പൂത്തല്ലോ.
ശബളിത കാന്തി നിറഞ്ഞല്ലോ.
പൂന്തേനുണ്ണാൻ വണ്ടിൻ കൂട്ടം.
നിരനിരയായിട്ടെത്തുന്നു.
കളകള ഗാനം പാടും കുരുവികൾ.
കാഴ്ചകൾ കണ്ടു രസിക്കുന്നു.
പൂവുകൾകൊണ്ടു നിറയ്ക്കണ്ടേ!!!
പൂവുകളായി നിറയണ്ടേ..

# മടക്കയാത്ര



കഥ. എൻ ഫാത്തിമത്ത് സഹറ സലീം.

രക്തക്കളത്തിന് നടുവിൽ ഗാസയിലെ ഒരു അഭയാർത്ഥി ക്യാമ്പ്. പ്രിയപ്പെട്ടവരുടെ വെന്തു വെണ്ണിരായ ശരീരം കണ്ട് നിലവിളിയ്ക്കുന്ന ദശലക്ഷം ജനതയുടെ കണ്ണുനീർ കിനാവുകൾ.ബാല്യം, അതു തുടങ്ങും മുമ്പേ നിഷേധിക്കപ്പെട്ട പിഞ്ചോമനകൾ.

തന്റെ ഭർത്താവിന്റെ രക്തം പുരണ്ട വസ് ത്രം പിടിച്ച് കരയുകയാണ് ദന.ചുവന്നു തുടുത്ത അവളുടെ കവിളുകളിലൂടെ ഒരായിരം ദു:ഖത്തിന്റെ അരുവി ഒഴുകുന്നു.ദേശത്തിന്റെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ നൽകിയ ഭർത്താവ്.

"അമ്മേ"അവളുടെ അഞ്ചു വയസ്സുകാരിയായ മകളുടെ വിളി അവൾക്ക് സാന്ത്വനമായി.

"അച്ഛനെപ്പോഴാ വരുന്നത്?"മകളുടെ ചോദ്യത്തിനു മുന്നിൽ അവളുടെ ഹൃദയം വിറച്ചു.മായ്ച്ചാലും തീരാത്ത ദു:ഖത്തിന്റെ പേമാരി  അവളെ പൊടുന്നനെ തഴുകി.അച്ഛൻ ഒരു നാളും തിരിച്ചുവരില്ല എന്ന കയ്പ്പേറിയ സത്യം ഹൃദയത്തിന്റെ അറകളിൽ ഒളിപ്പിച്ചു വച്ചു മകളെ നോക്കി പുഞ്ചിരിച്ചു.മകളുടെ കൈയിൽ കെട്ടിയിരുന്ന ബ്രേസ്ലേറ്റിന്റെ ശബ്ദം അവളെ ഈറനണിയിച്ചു.മകളുടെ കളി ചിരി തമാശകളും മറ്റും അവളെ കൂടുതൽ  മുറിവേൽപ്പിച്ചു.

കടൽ പോലെ പടർന്നു കിടക്കുന്ന അനന്തവിഹായസ്സിൽ അവൾ നോക്കി. മനസ്സ് ഭൂതകാലത്തിന്റെ ആനന്ദത്തിലേക്ക് അവളെ കൊണ്ടു പോയി.ചിന്തകളിൽ മുഴുകി നിൽക്കുന്ന അവളെ അഭയാർത്ഥിയായ ഒരു വൃദ്ധ തൊട്ടുണർത്തി.

മോളെ നീ കഴിക്കുന്നില്ലേ?

“ഇപ്പോൾ വേണ്ട"എന്നാലും തന്നേക്ക് ,മോൾക്ക് കൊടുക്കാം.

അവൾ മകളെ വിളിച്ച് അടുത്തിരുത്തി.

വയർ നിറയും വരെ ഊട്ടി. ഇതു പോലെ ഇങ്ങനെ ഉണ്ടായില്ലെങ്കിലോ?-അവളുടെ മനസ്സ്

ഭാവികാലത്തിന്റെ വിരൂപമായ ശിൽപ്പം തീർത്തു.നിഷ്കളങ്കത വിട്ടു മാറാത്ത അവളുടെ മക്കളെ നോക്കി പുഞ്ചിരിച്ചു.

ഭക്ഷണം കഴിച്ചെന്നു കരുതി അവൾ വീണ്ടും ചിന്തകളിലാണ്ടു.തന്റെ മാതാപിതാക്കൾ, ബന്ധുമിത്രാദികൾ അവർക്കൊപ്പം അനുഭവിച്ച സന്തോഷം, അവരുടെ വേർപ്പാടിൽ തനിക്കനുഭവിക്കേണ്ടിവന്ന തീരാദു:ഖം മനസ്സിൽ മിന്നി മറഞ്ഞു. ചുറ്റും അനീതിയുടെ ക്രൂരത അശാന്തി പരത്തി സഞ്ചരിക്കുമ്പോൾ ഇതിനറുതി വരുത്താൻ അവൾ ആഗ്രഹിച്ചു.എന്നാൽ ഒറ്റയ്ക്ക് അവൾക്ക് എന്തു ചെയ്യാനാകും.ക്രൂരതയുടെ പർവതങ്ങൾക്ക് മുമ്പിൽ അവൾ വെറും ഉറുമ്പല്ലേ?



കട്ടിലിനടിയിൽ പെട്ടിക്കുള്ളിൽ വച്ച ഡയറി അവൾ പുറത്തെടുത്തു.അതിൽ പറ്റിയിരിക്കുന്ന പൊടിയും അഴുക്കും വസ്ത്രത്തിന്റെ അരിക് വച്ച് തുടച്ചു.ആ പൊടിയും അഴുക്കും അവളെ ശ്വാസം മുട്ടിച്ചു. അവളുടെ മനസ്സ് തന്നെ ഡയറിയിലേക്ക് ഇറങ്ങിച്ചെന്നു.

“ഇനി എത്ര മണിക്കൂർ? അതോ ഒരു നിമിഷം പോലും ജീവനോടെ ഇവിടെ അവശേഷിക്കില്ലേ?”
സമയം പായും തോറും മരണം ഏറെ അടുക്കുകയാണ്.ബാല്യത്തിന്റെ മാധുര്യം നുകരാൻ തുടങ്ങുന്നതിന് മുന്നെ അത് നിഷേധിക്കപ്പെട്ട എന്റെ മകളുൾപ്പെടെയുള്ള ദശലക്ഷം വരുന്ന ബാലിക ബാലന്മാരുടെയും ജീവിതത്തെ കുറിച്ച് ഓർത്ത് എനിക്ക് പേടിയുണ്ട്. ഞാൻ അനുഭവിച്ച സുഖസന്തോഷങ്ങൾ വെറുമൊരു പേക്കിനാവായി മാറിയിരിക്കുന്നു. മധുരമുള്ളതെന്തും മിന്നൽപോലെയല്ലേ? ജീവനോടെയിരിയ്ക്കുമ്പോൾ തന്നെ മരിച്ചവർ – എത്ര ഭയാനകമാണീയവസ്ഥ.നാവുയർത്താൻ ആഗ്രഹമുണ്ടായിട്ടും വിധിയുടെ കൺകെട്ട് കളി നമ്മെ നിസ്സഹായതയുടെ

പടുകുഴിയിലേക്ക് താഴ്ത്തിയിരിക്കുന്നു.ഇനി എന്തെന്നെനിയ്ക്കറിയില്ല.. ഈ ഉറക്കം ഒടുക്കമില്ലാത്ത ഉറക്കമാണോ?.....
കണ്ണീർത്തുള്ളികൾഡയറിയിൽ വീണു.അവളോടൊപ്പം ആ ഡയറിയും കരഞ്ഞു. ഡയറി തന്റെ നെഞ്ചോട് ചേർത്ത് വച്ച് അവൾ ഉറങ്ങാൻ തുടങ്ങി.
'അമ്മേ' എന്ന മകളുടെ വിളി കേട്ട് അവൾ ഞെട്ടിയുണർന്നു. ജീവൻ തുടിക്കുന്ന മകളെ കണ്ട് അവൾ ആശ്വാസം പൂണ്ടു. മകളെ വീണ്ടും തന്റെ അരികിലേക്ക് ചേർത്തു . രാത്രിയുടെ തണലിൽ ലോകമെമ്പാടും ഉറങ്ങിക്കിടക്കുമ്പോൾ ദൈവവും അറിയാതെയൊന്ന് കണ്ണടച്ചു .
നക്ഷത്രനിബിഡമായ ആ രാത്രിയിൽ നക്ഷത്രത്തിളക്കത്തിന്റെ നടുവിൽ മരണത്തിന്റെ കരിനിഴൽ ആ അഭയാർത്ഥിക്യാമ്പിനെ മൂടി രാത്രി കടന്നുപോയി . ദിനചക്രത്തിൽ പ്രഭാതം കടന്നു വന്നു.എന്നാൽ ഗാസയിൽ അന്ന് അഭയാർത്ഥി ക്യാമ്പിൽ നേരം പുലർന്നില്ല.
കോടാനുകോടി മനുഷ്യർ ഉറക്കത്തിന്റെ യാന്ത്രികതയിൽ നിന്നുണർന്നപ്പോൾ അവർ ഉണർന്നില്ല .
ഒരായിരം കരിയിലകൾ ഉഷസ്സിന്റെ രാഗംതഴുകിയ മരണക്കിണറിൽ നിന്ന് 'മടക്കയാത്ര' ആരംഭിച്ചിരിക്കുന്നു .